Draft #117 of File EC5/48343/22/DTE Approved by Director (in-charge) on 24-Oct-2023 03:48 PM - Page 1

# ഭരണഭാഷ - മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**
dtekerala@gmail.com
04712561307

**നടപടിക്രമം**

വിദ്യാഭ്യാസം - സാങ്കേതികം - ലക്ചറർ ഇൻ ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് (സർക്കാർ പോളിടെക്നിക് കോളേജ്) തസ്തികയിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ ചെയ്ത ഉദ്യോഗാർത്ഥികളെ AICTE 7th Pay Scale - Entry pay Rs.56,100 - Level 9A (Rs.15600 - 39100 - AGP - 5400 PR) ശമ്പള നിരക്കിൽ സർക്കാർ പോളിടെക്നിക് കോളേജിൽ ലക്ച്ചറർ ഇൻ ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് തസ്തികയിൽ - താത്ക്കാലികമായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനകാര്യം (സി) വിഭാഗം

നം: EC5/48343/22/ഡി.ടി.ഇ (I) തിരുവനന്തപുരം , തീയതി: 24.10.2023

---

വായന:- 1. തിരുവനന്തപുരം, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ സെക്രട്ടറിയുടെ 25-08-2023 ലെ RIC(1) 6985/2022/GW നമ്പർ നിയമന ശിപാർശ കത്ത്.
2. 05.03.1974-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.പി) നം.49/74/പിഡി.
3. 18.07.1974-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(എംഎസ്) നം.170/74/പിഡി.
4. 29.03.1990-ലെ സർക്കാർ സർക്കുലർ മെമ്മോറാണ്ടം നം.3737/റൂൾസ് /1/90/പി&എആർഡി.
5. 15.02.1991-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(പി) നം.7/91/പി&എആർഡി.
6. 06.06.2011-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(പി) നം.15/2011/പി&എആർഡി.
7. 30.06.2011-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(പി) നം.20/2011/പി&എആർഡി.
8. 07.01.2013-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒപി) നം.20/2013/പി&എആർഡി.
9. 03.04.2013-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(പി) നം.149/2013.
10. 15.11.2016-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(പി) നം.171/2016/ഫിൻ
11. 08.11.2010-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(പി) നം.366/2010/ഉ.വി.വ.
12. 20-02-2014 ലെ G.O (MS)No.75/2014/Fin
13. 16-02-2021ലെ G.O.(Ms)No.97/2021/HEDN.

**ഉത്തരവ്**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ ഇൻ ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് (സർക്കാർ പോളിടെക്നിക് കോളേജ്) തസ്തികയിലേക്ക് താത്ക്കാലിക നിയമനത്തിനായി താഴെ പറയുന്ന ഉദ്യോഗാർത്ഥികളെ പരാമർശം (1) ലെ കത്ത് പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയിരിക്കുന്നു. ആകയാൽ പരാമർശം (12), (13) ലെ സർക്കാർ ഉത്തരവുകൾ പ്രകാരം AICTE 7th Pay Scale - Entry pay Rs.56,100 - Level 9A (Rs.15600 - 39100-AGP-5400 PR) ശമ്പള നിരക്കിൽ സർക്കാർ പോളിടെക്നിക് കോളേജുകളിലെ, ലക്ച്ചറർ ഇൻ ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് തസ്തികകളിലേക്ക് താഴെ പറയുന്ന ഉദ്യോഗാർത്ഥികളെ 1958-യിലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ്, റൂൾ 3(C), റൂൾ 9(a)(i) എന്നിവയ്ക്ക് വിധേയമായി താത്ക്കാലികമായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

1. ഉദ്യോഗാർത്ഥികളുടെ സ്വഭാവവും പൂർവ്വചരിത്രവും തൃപ്തികരമല്ല എന്ന് സർക്കാർ കാണുന്ന പക്ഷം, പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം യാതൊരു അറിയിപ്പും കൂടാതെ ഈ നിയമനം റദ്ദ് ചെയ്യപ്പെടുന്നതായിരിക്കും. സ്വഭാവവും പൂർവ്വചരിത്രവും തൃപ്തികരമാണെന്ന് തുടർന്നുള്ള പരിശോധനയിൽ തെളിയുന്ന മുറയ്ക്ക് മാത്രമേ ടി താത്കാലിക നിയമനം ക്രമികരിക്കുന്നതിന് ഉദ്യോഗാർത്ഥികൾ അർഹത നേടുകയുള്ളൂ.

ഉദ്യോഗാർത്ഥികളുടെ നിയമനം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Draft #117 of File EC5/48343/22/DTE Approved by Director (in-charge) on 24-Oct-2023 03:48 PM - Page 2

| പി.എസ്. സി അഡ്വൈസിലെ ക്രമ നമ്പർ | പേരും മേൽവിലാസവും | നിയമനം ലഭിച്ചിരിക്കുന്ന സ്ഥാപനം | പി.എസ്. സി അഡ്വൈസ് ചെയ്ത ടേൺ |
|---|---|---|---|
| 1 | **ASHIFA C A**<br>CHOORAKKUTH HOUSE<br>THUPPANAD<br>PALAKKAD<br>678597<br>**Communication Address**<br>FAZLULLAH MANZIL,<br>FIFTH MILE EDATHARA PO,<br>PALAKKAD, 678611<br><br>**(MAPPILA)** | സർക്കാർ വനിതാ പോളിടെക്നിക് കോളേജ്, കോട്ടക്കൽ | BC |
| 2 | **TOM THOMAS**<br>NELLIKKATTIL<br>KURAVILANGAD<br>KOTTAYAM<br>NAZRETH HILL, PIN:686633 | സർക്കാർ പോളിടെക്നിക് കോളേജ്, വണ്ടിപ്പെരിയാർ | OC |
| 3 | **MRIDULA M**<br>AISWARYA<br>KADUVINAL P O<br>VALLIKUNNAM<br>ALAPUZHA, 690501 | സർക്കാർ പോളിടെക്നിക് കോളേജ്, ചേലക്കര | OC |

2. ഉദ്യോഗാർത്ഥികൾ, വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, ജാതി/സമുദായം എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകൾ സഹിതം മേൽ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപന മേധാവിയ്ക്കു മുൻപാകെ **09-11-2023 തീയതിയ്ക്കകം** കർത്തവ്യനിർവ്വഹണത്തിന് ഹാജരാകേണ്ടതാണ്. കൂടാതെ, കേരള സർവ്വീസ് ചട്ടം ഭാഗം 1 ചട്ടം 13-ൽ നിഷ്കർഷിക്കുന്ന പ്രകാരം അസിസ്റ്റൻറ് സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിൽ ഉദ്യോഗാർത്ഥികൾ തങ്ങളുടെ വിരലടയാളം രേഖപ്പെടുത്തി, സാക്ഷ്യപ്പെടുത്തിയ ഫോട്ടോ എന്നിവ സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം മറ്റൊരു അറിയിപ്പ് കൂടാതെ ഈ നിയമന ഉത്തരവ് റദ്ദ് ചെയ്യപ്പെടുന്നതായിരിക്കും.

3. ഒഴിവില്ലാത്ത കാരണത്താൽ ഉദ്യോഗാർത്ഥികളെ സേവനത്തിൽ നിന്നും പിരിച്ചു വിടുന്ന പക്ഷം ടിയാളെ നിയമന ശിപാർശ ചെയ്ത കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസിൽ ടിയാൾക്ക പുനർനിയമനത്തിനായി പേര് റി-രജിസ്റ്റർ ചെയ്യാവുന്നതോ അല്ലാത്തപക്ഷം ഈ വകുപ്പിൽ ഒഴിവ് വരുന്നത് വരെ പുനർ നിയമനത്തിനായി ഏത് തസ്തികയിൽ നിന്നാണോ വിട്ടയക്കപ്പെട്ടത് പ്രസ്തുത തസ്തികയിൽ നിരീക്ഷണാർത്ഥിയായി തുടരാവുന്നതോ ആണ്.

4. സേവനത്തിൽ പ്രവേശിച്ച് അഞ്ച് വർഷത്തിന് ശേഷം ലഭിക്കുന്ന ജനന തീയതി തിരുത്തുവാനുള്ള അപേക്ഷ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

5. സ്ഥാപന മേധാവി, ഉദ്യോഗാർത്ഥികളുടെ വിദ്യാഭ്യാസയോഗ്യത, ജനനതീയതി, ജാതി/സമുദായം, ഫോട്ടോ, ഒപ്പ് എന്നിവ ഉത്തരവിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വൺ ടൈം വെരിഫിക്കേഷൻ / ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കേറ്റിന്റെ പകർപ്പുമായി പരിശോധിച്ച് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ ഉദ്യോഗാർത്ഥികളെ സേവനത്തിൽ പ്രവേശിപ്പിക്കുവാൻ പാടുള്ളൂ. ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ച വിവരം സ്ഥാപന മേധാവി യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

Draft #117 of File EC5/48343/22/DTE Approved by Director (in-charge) on 24-Oct-2023 03:48 PM - Page 3

6. ബന്ധപ്പെട്ട സ്ഥാപന മേധാവി ഉദ്യോഗാർത്ഥികളെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുൻപായി ഉദ്യോഗാർത്ഥികളിൽ നിന്നും പരാമർശം (3) ലെ സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന തരത്തിലുള്ള സ്വാഭാവവും പൂർവ്വ ചരിത്രവും പരിശോധിക്കുന്നതിന് (പോലീസ് വെരിഫിക്കേഷൻ) ആവശ്യമായ സാക്ഷ്യപത്ര ഫോറം പൂരിപ്പിച്ച് വാങ്ങേണ്ടതും ആയത് ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ്.
7. ബന്ധപ്പെട്ട സ്ഥാപന മേധാവി ഉദ്യോഗാർത്ഥികൾ ഹാജരാക്കുന്ന അസ്സൽ നോൺ-ക്രീമിലയർ സർട്ടിഫിക്കേറ്റ് (ബാധകമാകുന്ന നിയമനങ്ങളിൽ മാത്രം) പരിശോധിച്ച് ശരിയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
8. ഉദ്യോഗാർത്ഥികൾ സേവനത്തിൽ പ്രവേശിക്കുന്ന സമയത്ത് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ രണ്ട് സ്വഭാവ സർട്ടിഫിക്കറ്റുകൾ സ്ഥാപന മേധാവി മുമ്പാകെ ഹാജരാക്കേണ്ടതാണ്.
9. ഉദ്യോഗാർത്ഥികൾ സേവനത്തിൽ പ്രവേശിക്കുന്ന സമയത്ത്, കേരള പി.എസ്.സിയിൽ നിന്നും ലഭിച്ചിട്ടുള്ള അസ്സൽ വൺ ടൈം വെരിഫിക്കേഷൻ/ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് സ്ഥാപനമേധാവി പരിശോധിച്ച്, ഉദ്യോഗാർത്ഥിയുടെ ഫോട്ടോയും ഒപ്പും ശരിയെന്ന് ബോധ്യപ്പെട്ടതായി സാക്ഷ്യപ്പെടുത്തേണ്ടതും, ആയവ പേഴ്സണൽ മെമ്മോറാണ്ടം, പി.എസ്.സി പരിശോധനക്കായുള്ള സ്റ്റേറ്റ്മെൻറ് എന്നീ രേഖകളോടൊപ്പം ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ്.
10. പരാമർശം (8) & (9) എന്നീ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി 1.4.2013 ന് ശേഷം നിയമിതരാകുന്ന ഉദ്യോഗാർത്ഥികളുടെ നിയമനം ദേശീയ പെൻഷൻ പദ്ധതിയിലുൾപ്പെടുത്തിയായിരിക്കും.
11. പരാമർശം (10) സർക്കാർ ഉത്തരവ് പ്രകാരം, സ്ഥാപന മേധാവി ഉദ്യോഗാർത്ഥികളെ സേവനത്തിൽ പ്രവേശിപ്പിക്കുന്ന സമയത്ത് ടിയാളുടെ പേരിലുള്ള സ്ഥാവര-ജംഗമ വസ്തുക്കളെ കുറിച്ചുള്ള വിവരം നിശ്ചിത പ്രൊഫോർമയിൽ രേഖപ്പെടുത്തി വാങ്ങേണ്ടതും, ആയത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

**കുറിപ്പ്:**. ലക്ചറർ തസ്തികയ്ക്കുള്ള അടിസ്ഥാന യോഗ്യതയ്ക്ക് പുറമേ ഉയർന്ന യോഗ്യതകളായ M.Tech, Ph.D ഉണ്ടെങ്കിൽ ബന്ധപ്പെട്ട യോഗ്യതകളുടെ പ്രൊവിഷണൽ, ഡിഗ്രീ സർട്ടിഫിക്കറ്റുകൾ, യോഗ്യത നേടിയ കോഴ്സിന്റെ തുല്യതാ സർട്ടിഫിക്കറ്റ്, AICTE അംഗീകാരത്തിന്റെ രേഖകൾ എന്നിവ ജോലിയിൽ പ്രവേശിച്ചതിന് ശേഷം സ്ഥാപനമേധാവി മുഖേന ഈ ഓഫീസിൽ അയച്ചുതരേണ്ടതാണ്.

ഒപ്പ് /-

ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)

സ്വീകർത്താവ്

ബന്ധപ്പെട്ട ഉദ്യോഗാർത്ഥികൾ (by Registered Post with Acknowledgement).

പകർപ്പ്

1. ബന്ധപ്പെട്ട പ്രിൻസിപ്പാൾ, സർക്കാർ/ വനിതാ പോളിടെക്നിക് കോളേജ് (with Original One Time Verification Certificate of the candidate and abstract of PSC advice).
2. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.
3. അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, കോട്ടയം.
4. ഇജി സെക്ഷൻ
5. ഔദ്യോഗിക വെബ്സൈറ്റ് - www.dtekerala.gov.in
6. ഓഫീസ് പകർപ്പ്/കരുതൽ സഞ്ചയം.

Approval Valid

Digitally Approved By
ഡോ. രാജശ്രീ എം.എസ്

Date: 24.10.2023
Reason: Approved

Draft #117 of File EC5/48343/22/DTE Approved by Director (in-charge) on 24-Oct-2023 03:48 PM - Page 4

The document is digitally approved. Hence signature is not needed.